പവർഗ്രിഡ് കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്. പ്രസ്തുത ലൈൻ വലിക്കുന്നതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുള്ള ലൈൻ വലിക്കുന്നതിൽ കർഷകരുടെ എതിർപ്പുമൂലം പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ വിവിധ മീറ്റിംഗുകൾ നടത്തുകയുണ്ടായി. ഇടമൺ-കൊച്ചി ഭാഗത്തെ ലൈൻ നിർമ്മാണത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ വലിക്കുന്നതിൽ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ തുടർന്നുവരുന്നു. കൂടാതെ പി.ജി.സി.ഐ.എൽ.-ന്റെ അഭ്യർത്ഥന കണക്കിലെടുത്ത് ടി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-ന് സഹായിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സും കെ.എസ്.ഇ.ബി.എൽ.-ൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കൂടംകുളത്തുനിന്നുള്ള വിഹിതം ദൈർഘ്യമേറിയ മറ്റൂലൈൻ വഴിയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

വൈദ്യുതി മോഷണ കേസുകൾ

21 (367) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം സംബന്ധിച്ച് 1-7-2011 മുതൽ 31-1-2015 വരെ എത്ര കേസുകൾ എടുത്തു ; പിഴയിനത്തിൽ ഈ കാലയളവിൽ എത്ര രൂപ സമാഹരിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ ;

(ബി) വൈദ്യുതി മോഷ്ടാക്കൾക്കെതിരെ എന്തെല്ലാം നടപടികളാണ് പൊതുവായി സ്വീകരിച്ചത് ;

(സി) വൈദ്യുതി മോഷണം തടയുന്നതിലൂടെ ഒരു വർഷം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും എന്നാണ് കണക്കാക്കുന്നത് ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി മോഷണം സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	കേസ്സുകളുടെ (എണ്ണം)	സമാഹരിച്ച തുക (ലക്ഷം)
1	തിരുവനന്തപുരം	348	102.40537
2	കൊല്ലം	426	103.02673
3	പത്തനംതിട്ട	93	14.34311
4	കോട്ടയം	284	96.26933
5	എറണാകുളം	629	313.17
6	ആലപ്പുഴ	140	89.46
7	തൃശ്ശൂർ	127	81.58
8	ഇടുക്കി	35	97.79
9	കണ്ണൂർ	5878	536.7259
10	വയനാട്	54	15.88351
11	കോഴിക്കോട്	380	132.17107
12	പാലക്കാട്	56	122.42655
13	മലപ്പുറം	92	75.39165
14	കാസർഗോഡ്	58	50.53004

(ബി) വൈദ്യുതി മോഷണം ശ്രദ്ധയിൽപ്പെട്ടാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്ട്, സെക്ഷൻ 135 പ്രകാരം സൈറ്റ് മഹസർ തയ്യാറാക്കി, കണക്ഷൻ തൽക്കാലം വിച്ഛേദിച്ച് 24 മണിക്കൂറുകൾക്കകം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ വിവരം നൽകി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കേസ് ഒഴിവാക്കുന്നതിന് ഉപഭോക്താവിന് കോമ്പൗണ്ടിംഗ് ചാർജ് ഒടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മോഷണം നടത്തിയ വൈദ്യുതിക്ക് പീനൽ ചാർജ് ഈടാക്കുന്നുണ്ട്.

(സി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ (01/15 വരെ) എ.പി.റ്റി.എസ്. ഒരു വർഷം ശരാശരി 26,01,885 യൂണിറ്റ് വൈദ്യുതിയുടെ മോഷണം കണ്ടെത്തിയിട്ടുണ്ട്. ഓരോ വർഷവും വൈദ്യുതി മോഷണം തടയുക വഴി എത്ര യൂണിറ്റ് ലാഭിക്കുവാൻ കഴിയും എന്ന് കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയില്ല. എങ്കിലും മോഷണം വഴിയുള്ള സാമ്പത്തിക നഷ്ടം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടുവരുന്നു.